"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത്, തൃക്കലങ്ങോട് ഡിവിഷൻ അംഗമായിരിക്കെ മരണപ്പെട്ട എ പി ഉണ്ണികൃഷ്ണൻ എന്നയാളുടെ ചികിത്സ ഇനത്തിൽ ചെലവായ തുക തനതു ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1273/2026/LSGD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. മലപ്പുറം ജില്ല പഞ്ചായത്ത് ഭരണസമിതിയുടെ 09.07.2024 ലെ 21(1) നമ്പർ കമ്മിറ്റി തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.11.2025 തീയതിയിലെ LSGD/PD/39091/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലാ പഞ്ചായത്ത് തൃക്കലങ്ങോട് ഡിവിഷൻ അംഗമായിരിക്കെ മരണപ്പെട്ട മെമ്പർ എ പി ഉണ്ണികൃഷ്ണൻ എന്നവരുടെ ചികിത്സാർത്ഥം അൽമാസ് ഹോസ്പിറ്റൽ കോട്ടക്കൽ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കോഴിക്കോട്, റീജിയണൽ ക്യാൻസർ സെൻ്റർ തിരുവനന്തപുരം എന്നിവിടങ്ങളിൽ ചെലവഴിച്ച 9,04,291/- (ഒൻപത് ലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന്) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ജില്ലാപഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിൻ്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരേതനായ എ പി ഉണ്ണികൃഷ്ണൻ എന്നയാൾ 2020-2025 കാലയളവിൽ ജനപ്രതിനിധിയായിരുന്നത് കണക്കിലെടുത്ത് അനുവദനീയ തുകയുടെ 70% തുകയായ 6,33,003/- രൂപ (ആറുലക്ഷത്തി മുപ്പത്തിമൂന്നായിരത്തി മൂന്ന് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ/തുക കൈപ്പറ്റുന്ന വ്യക്തി

ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് /സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/216/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Ajith Kumar K A
Date: 08-07-2026 11:46:42

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.